**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274** **27-06-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ടോ; | (എ) | **രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 2022 മുതൽ നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനിക്കുകയും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 'മാർഗ്ഗദീപം' എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |
| (ബി) | ഇല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | **രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 2022 മുതൽ നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനിക്കുകയും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 'മാർഗ്ഗദീപം' എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |
| (സി) | ഈ സർക്കാർ വന്നതിന് ശേഷം ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും ഇതിന്റെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | **ഈ സർക്കാർ വന്നതിനുശേഷം ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി ആകെ 6647.91 ലക്ഷം രൂപ അനുവദിക്കുകയും 59,509 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 5346.67 ലക്ഷം രൂപ** |

| | | | |
|---|---|---|---|
| | | | **ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (ഡി) | ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ? | (ഡി) | ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് വകുപ്പ് മുഖേന എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, പോളിടെക്നിക് ഡിപ്ലോമ, നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിയ്ക്കുന്നവർക്കും, സിവിൽ സർവ്വീസ് പരിശീലനത്തിനും, പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്നവർക്കും ഫീസ് റീ-ഇമ്പേഴ്സ്മെന്റ് പദ്ധതികളും നൈപുണ്യപരിശീലന പദ്ധതികളും യൂ.ജി.സി./സി.എസ്.ഐ.ആർ. നെറ്റ് പരീക്ഷ പരിശീലന പദ്ധതിയും നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധം -2 – ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച സ്കോളർഷിപ്പുകളുടെ തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.**

| നം. | സ്കോളർഷിപ്പിന്റെ പേര് | 2021-22 | | | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം |
| | | രൂപ ലക്ഷത്തിൽ | | | | | | | | |
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 82 | 61.29 | 1020 | 82 | 24.66 | 411 | 82 | 70.53 | 1164 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh/Renewal) | 1085 | 817 | 11226 | 800 | 531.88 | 6959 | 800 | 648 | 7987 |
| 3 | ഐ.റ്റി.ഐ - ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | 402 | 309.60 | 3096 | 402 | 396 | 3960 | 482 | 381.4 | 3779 |
| | അസാപ് മുഖേന നൈപുണ്യ പരിശീലന പദ്ധതി | | | | | 5.95 | 0 | | 13.8238 | 10 |
| 4 | സി. എ/സി. എം.എ/സി.എസ് സ്കോളർഷിപ്പ് | 62 | 31.80 | 212 | 62 | 28.62 | 190 | 97 | 50.55 | 331 |
| | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി സ്കോളർഷിപ്പ് | | 2.70 | 18 | | 0.9 | 6 | | nil | |
| | യു. ജി. സി/ സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | | 5.29 | 547 ( 7 batch) | | 14.91 | 1000 (19 batch) | | 16.57 | 1500 |
| | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | nil | | | nil | | | 17.5 | 35 |
| | എൻ.ടി.എസ്.ഇ പരിശീലനം | | 2.40 | 736 (3 batch) | | 0 | 0 | | nil | |
| 5 | മദർതെരേസ സ്കോളർഷിപ്പ് | 68 | 58.05 | 386 | 68 | 58.31 | 388 | 68 | 67.35 | 445 |
| 6 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 652 | 472 | 4315 | 652 | 461.95 | 4248 | 652 | 472 | 3505 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | (SSLC, Plus Two, VHSE, THSLC, UG/PG) | | | | | | | | | 810 |
| | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | | 10.799 | 53 | | 10.47 | 55 | | 17.16 | 63 |
| | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | | 77.667 | 13 | | 53.45 | 73 | | 146.61 | 30 |
| 7 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | 25.14 | 3.84 | 384 | 9.51 | 1.48 | 148 | 15.26 | 4.16 | 416 |
| Total | | 2376.14 | 1852.45 | 22006 | 2075.51 | 1588.57 | 17438 | 2196.26 | 1905.65 | 20065 |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

**നൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് വകുപ്പ് മുഖേന നടത്തിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

| ക്രമ .നം | സ്കോളർഷിപ്പ് പേര് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ |
|---|---|---|---|
| 1. | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് | ബിരുദം- 5000/-രൂപ<br>ബിരുദാനന്തര ബിരുദ- 6000/-<br>പ്രൊഫഷണൽ- 7000/- രൂപ<br>ഹോസ്റ്റൽ സ്റ്റൈപ്പന്റ് - 13000/-രൂപ | ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് നൽകുന്നത് (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്) |
| 2 | മദർതെരേസ സ്കോളർഷിപ്പ് | 15000/- രൂപ | കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ, പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 45%-ൽ കുറയാത്ത മാർക്ക് നേടിയവരായിരിക്കണം.. |
| 3 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 6000/- രൂപ | സർക്കാർ/എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |

| | | | |
|---|---|---|---|
| **4** | സി. എ./സി. എം.എ/സി.എസ് സ്കോളർഷിപ്പ് | 15000/- രൂപ | സി.എ/സി.എം.എ/സി.എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർമീഡിയേറ്റ് യോഗ്യത നേടുന്നതിനായി പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| **5.** | യു. ജി. സി/ സി .എസ്.ഐ.ആർ/നെറ്റ് പരീക്ഷാ പരിശീലനം | | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് UGC/CSIR-NET പരീക്ഷയ്ക്ക് സൌജന്യമായി പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി, കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. |
| **6.** | **IITs, IIM, IISc, IMSc** | 50000 | ഐഐടി, ഐഐഎം, ഐഐഎസ്സി,ഐഎംഎസ്സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി കോഴ്സുകളിൽ പഠിക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| **7** | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | എസ് .എസ് .എൽ.സി/ പ്ലസ് ടു/ വി .എച്ച്.എസ്.ഇ വിഭാഗത്തിന് - 10,000/- രൂപയും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ പരീക്ഷകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും,ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്കും സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത് |

| | | | |
|---|---|---|---|
| | | 15000/- രൂപയും | |
| 8 | സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം | കോഴ്സ് ഫീ ഇനത്തിൽ പ്രതിവർഷം 20000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും | സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ഹോസ്റ്റൽ ഫീസ് റീ -ഇംബേഴ്സ്മെന്റ് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 9 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 2021-22 സാമ്പത്തിക വർഷം പരമാവധി 10,00,000/- രൂപ<br><br>2022-23 സാമ്പത്തിക വർഷം മുതൽ പരമാവധി 5,00,000/- രൂപ | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വ കലാശാലകളിൽ ബിരുദ- ബിരുദാനന്തര- പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. വിദേശ ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ വിദ്യാഭ്യാസ വായ്പ എടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. |
| 10 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ് | 1000/- രൂപ | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും നൽകുന്ന |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| 11 (a) | സ്വകാര്യ ഐ.റ്റി.ഐ - കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം | 10000/- (ഒരു വർഷ കോഴ്സ്) 20000/- (രണ്ട് വർഷ കോഴ്സ്) എന്ന തോതിൽ ഫീസ് റീ - ഇംബേഴ്സ്മെന്റ് ആയാണ് സ്കോളർഷിപ്പ് നൽകുന്നത്. | പ്രൈവറ്റ് ഐ.റ്റി.ഐ - കളിൽ ഒരു വർഷം/ രണ്ട് വർഷം കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. |
| (b) | അസാപ്, **KITTS, KASE, ODEPEC** മുഖേന നൈപുണ്യ പരിശീലന പദ്ധതി | | അസാപ്, **KITTS, KASE, ODEPEC** മുഖേന നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ